കേരള സർക്കാർ
<u>സംഗ്രഹം</u>

ന്യൂനപക്ഷ ക്ഷേമം - പാലോളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരണം - തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

**സ.ഉ.(പി)നം.2/2011/പൊഭവ** **തിരുവനന്തപുരം, തീയതി: 01.01.2011**

പരാമർശം:- 1. 19.5.2010 - ലെ സ.ഉ. (കൈ) നം. 198/2010/പൊഭവ.
2. 13.7.2010 - ലെ സ.ഉ. (കൈ) നം. 243/2010/പൊഭവ.
3. 1.1.2011 - ലെ സ.ഉ. (കൈ) നം. 1/2011/പൊഭവ

## ഉത്തരവ്

സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീ. പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിററി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഗ്രാമ വികസന ജോയിന്റ് കമ്മീഷണർ ശ്രീ. ജി. ചക്രവർത്തി മധോസ് രൂപവൽസിനെ പരാമർശം ഒന്ന് പ്രകാരം സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയുണ്ടായി. തുടർന്ന് പരാമർശം രണ്ട് പ്രകാരം സ്പെഷ്യൽ ഓഫീസർക്ക് പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പിൽ ചെയ്തുവരുന്ന എല്ലാ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെയും നിർവ്വഹണ ചുമതല നൽകുകയും, സ്പെഷ്യൽ ഓഫീസർ തസ്തിക ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസർ എന്നാക്കുകയും ചെയ്തു. കൂടാതെ, പരാമർശം മൂന്ന് പ്രകാരം ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസർക്ക് വകുപ്പ് തലവന്റെ സ്റ്റാററസ് നൽകിക്കൊണ്ട് സർക്കാർ ഉത്തരവായി.

2. സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകണമെന്നും, വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന സമാനമായുള്ള കാര്യങ്ങളെ ഈ വകുപ്പിലേയ്ക്ക് ഏകോപിപ്പിക്കണമെന്നും പാലോളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ ചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസർ അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചുകൊണ്ടും, ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുകയും ചെയ്യുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ (രൂപ) |
|---|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | 1 | 12250-19800 |
| 2 | എൽ.ഡി.ക്ലർക്ക് | 2 | 5250-8390 |
| 3 | ഡാററാ എൻട്രി ഓപ്പറേറ്റർ -കം- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 6680-10790 |
| 4 | ഡ്രൈവർ ഗ്രേഡ് -!! | 1 | 5250-8390 |
| 5 | പ്യൂൺ | 1 | 4510-6230 |
| 6 | പാർട്ട് ടൈം സ്വീപ്പർ | 1 | 2300 + ഡി.എ |

3. ടി തസ്തികകളിൽ റീ ഡിപ്ലോയ്മെന്റ്/ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണ്.

4. ഇതിലേയ്ക്കാവശ്യമായ ചെലവ് '2225-03-800-93 (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ജി.പി. രാമചന്ദ്രൻ,**
**അഡീഷണൽ സെക്രട്ടറി.**

ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസർ, ഗ്രാമ വികസന കമ്മീഷണറേറ്റ്, പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
(ധനകാര്യ വകുപ്പിന്റെ അനുമതിയോടെയാണ് ഇത് പുറപ്പെടുവിക്കുന്നത്)
ഗവർണ്ണറുടെ സെക്രട്ടറിക്ക്, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയററ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, സ്റ്റേററ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
റസിഡന്റ് കമ്മീഷണർ, കേരളഹൗസ്, ന്യൂഡൽഹി.
അഡ്വക്കേററ് ജനറൽ, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള സ്റ്റേററ് കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസ്സസ്, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, ഔദ്യോഗിക ഭാഷ (ലെജിസ്ലേററീവ്) കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന കാർഷിക കമ്മീഷൻ, സ്റ്റേററ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കാലിക്കററ്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ, (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, ആലുവ. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്).
എല്ലാ വകുപ്പദ്ധ്യക്ഷ്യൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
എല്ലാ സ്വയം ഭരണാധികാര സ്ഥാപനങ്ങൾക്കും.
സെക്രട്ടേറിയററിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും/ ഓഫീസർമാർക്കും/